


## വിചിന്തനം

ഡിസംബർ 2023

'ഇത് ഞാൻ നിങ്ങളോടു പറഞ്ഞത് എന്റെ സന്തോഷം നിങ്ങളിൽ കുടികൊള്ളാനും നിങ്ങളുടെ സന്തോഷം പൂർണ്ണമാകാനും വേണ്ടിയാണ്' (യോഹ 15, 11).

പറുദീസയിൽ, ദൈവം സൃഷ്ടിച്ച എല്ലാ വസ്തുക്കളും, ജീവികളും പാരസ്പര്യത്തിലും പരിപൂർണ്ണലയത്തിലും നിലകൊണ്ടിരുന്നു. ഇവയെല്ലാം സൃഷ്ടിക്കുമ്പോൾ ദൈവത്തിനുണ്ടായിരുന്ന അളവറ്റ ആനന്ദവും സ്നേഹവുംഎല്ലാറ്റിലും, എല്ലായ്പ്പോഴും നിറഞ്ഞുനില്ക്കുകയും കവിഞ്ഞൊഴുകയും ചെയ്തിരുന്നു.

എന്നാൽ പാപം നഷ്ടപ്പെടുത്തിയ പറുദീസയോടൊപ്പം ആ ആനന്ദവും മനുഷ്യനു നഷ്ടമായി. ജീവിതം ഉയർത്തുന്ന വെല്ലുവിളികളുടെയും ഉത്തരമറിയാത്ത ചോദ്യങ്ങളുടെയും മുമ്പിൽ തളർന്നു പോകുന്ന ഓരോ മനുഷ്യനും യഥാർത്ഥത്തിൽ ദാഹിക്കുന്നത് നഷ്ടപ്പെട്ടുപോയ പറുദീസയിലെ ആ ആനന്ദത്തിനു വേണ്ടിയല്ലേ? ചിലപ്പോഴെല്ലാം നിഷ്ക്കളങ്കമായ ഒരു ഔത്സുക്യത്തിൽ പരമമായ ഈ ആനന്ദത്തെ എത്തിപ്പിടിക്കാൻ നാം ശ്രമിക്കാറുണ്ട്. പക്ഷേ, വേദനിപ്പിക്കുന്ന ജീവിതയാഥാർത്ഥ്യങ്ങളിലേക്കു വേഗം തന്നെ നാം നിപതിക്കുന്നു. അത്യുത്സാഹത്തിന്റെയും ആവേശത്തിന്റെയും തിരമാലകളിൽ ജീവിതത്തെ കൊരുത്തിടാൻ നാം കിണഞ്ഞു ശ്രമിക്കാറുമുണ്ട്. പക്ഷേ അവയെല്ലാം പൊട്ടിത്തകരുകയും നമ്മുടെ തന്നെ വിവശതകളിലേക്ക് ചിന്നിച്ചിതറുകയും ചെയ്യുന്നു. യുദ്ധത്തിന്റെ ഇരകളായ മനുഷ്യർ ഇന്നനുഭവിക്കുന്ന നൊമ്പരങ്ങൾപോലെ ഓരോ വിധത്തിൽ നാം അനുഭവിക്കുന്ന ദുരിതങ്ങളും, സഹനങ്ങളും, തിന്മയും നമ്മിലുള്ള ആനന്ദത്തെയും ചോർത്തിക്കളയുന്നു. ഓ! ഇനിയും ഞാൻ പറുദീസയിലല്ലല്ലോ എന്ന നീറുന്ന തിരിച്ചറിവിലേക്ക് നാം ഉണരുകയും ചെയ്യുന്നു.

എന്നിരുന്നാലും, പ്രത്യാശ പൂർണ്ണമായും നഷ്ടപ്പെട്ടിട്ടില്ല എന്നതുകൊണ്ടല്ലേ യഥാർത്ഥമായ ഈ തിരിച്ചറിവുകളിലേക്ക് സമചിത്തതയോടെ വീണ്ടും നാം ഉണർന്നെഴുന്നേല്ക്കുന്നത്. യഥാർത്ഥവും നിലനില്ക്കുന്നതുമായ ആനന്ദം അത്ര എളുപ്പത്തിൽ നമുക്കു പിടിതരില്ലായിരിക്കും. എന്നാൽ അങ്ങനെയൊന്ന് ഇവിടെത്തന്നെയുണ്ട്. അർഥപൂർണ്ണവും അനശ്വരവുമായ പറുദീസയിലെ ആനന്ദം തേടുന്ന ഈ പ്രയാണം നമ്മെ എത്തിക്കുന്നത് ആദിയിലെന്നപോലെ നമ്മുടെ ഹൃദയങ്ങളോട് സംസാരിക്കുന്ന ഒരേയൊരുവനിലാണ്. അവൻ നമ്മോടു പറയുന്നു: 'ഇത് ഞാൻ നിങ്ങളോടു പറഞ്ഞത് എൻറെ സന്തോഷം നിങ്ങളിൽ കുടികൊള്ളാനും നിങ്ങളുടെ സന്തോഷം പൂർണ്ണമാകാനും വേണ്ടിയാണ്.' അവിടുത്തെ വാക്കുകൾ ആത്മാവും ജീവനുമാണ്. അതു കേൾക്കുകയും ധ്യാനിക്കുകയും സ്വാംശീകരിക്കുകയും ചെയ്യുന്നവർ നീർച്ചാലിനരികെ നട്ട വൃക്ഷം പോലെയാണ്. തങ്ങളുടെ ജീവിതം അവാച്യമായ ആനന്ദത്തിന്റെ സമൃദ്ധമായ ഫലങ്ങൾ ചൂടിനില്ക്കുന്നത് സമയമാകുമ്പോൾ അവർ തന്നെ കാണും.

അവിടുത്തെ ആനന്ദം ലളിതവും മധുരതരവുമാണ്. എന്നാൽ അതു നമ്മിൽ നിറയുന്നത് ക്രിസ്തുവിന്റെ സൗഖ്യവും പാപക്ഷമയും സ്വീകരിച്ച് ഹൃദയം തുറവിയുള്ളതാക്കുന്നതിലൂടെയാണ്. തങ്ങളുടെ ഹൃദയങ്ങൾ ക്രിസ്തുവിൽ രൂപപ്പെടുന്നതിനുവണ്ടിയുള്ള അഭിവാഞ്ചയും അതിനുള്ള അനുസ്യൂതമായ അർപ്പണവുമാണ് അവിടുത്തെ ശിഷ്യരുടെ മുഖമുദ്ര. ജീസസ് യൂത്ത് രൂപവൽക്കരണം ഇതിനു നമ്മെ ഏറെ സഹായിക്കുന്നു. യഥാർത്ഥ ശിഷ്യർ രൂപവത്കരണത്തിലൂടെ യാന്ത്രികമായി കടന്നുപോകുന്നവരല്ല മറിച്ച്, ഈ രൂപപ്പെടലിന് പ്രഥമ പരിഗണന നൽകുന്നവരാണ്. തങ്ങളുടെ ജീവിതത്തിൽ വീശിയടിക്കുന്ന പ്രശ്നങ്ങളുടെ തിരമാലകളിൽ ആടിയുലയാതിരിക്കാൻ അവർ ജാഗ്രത പുലർത്തുന്നു. പകരം, ആഴമുള്ളതും പടുത്തുയർത്തുന്നതുമായ ക്രിസ്തുകേന്ദ്രീകൃത കൂട്ടായ്മകളിൽ പങ്കുചേർന്ന് ശിഷ്യത്വജീവിതത്തിൽ ആഴപ്പെടാനും ബലം പ്രാപിക്കാനും അവർ ശ്രമിക്കുകയും ചെയ്യുന്നു. ശിഷ്യത്വത്തിന്റെ ഈ ശൈലി ആദിമസഭയിലെ വിശ്വാസികളിൽ നമുക്കു കാണാനാവും. ബലിയർപ്പണത്തോടൊപ്പം, അപ്പസ്തോലന്മാരുടെ പ്രബോധനങ്ങളിലും കൂട്ടായ്മയിലും അവർ സദാ താത്പര്യപൂർവ്വം പങ്കുചേർന്നിരുന്നു (അപ്പ. 2, 42). ഇതുവഴിയാണ് പ്രതികൂലസാഹചര്യങ്ങളിൽ അവർ ഉറച്ചുനിന്നതും പീഡനങ്ങളിൽപ്പോലും അവരുടെ ആനന്ദം വർദ്ധിച്ചുകൊണ്ടിരുന്നതും.

ജീസസ് യൂത്ത് രൂപവത്കരണത്തിലൂടെ വിശ്വസ്തതാപൂർവം കടന്നുപോകുകയും രൂപീകരണത്തിനായി പ്രാർത്ഥനയോടെ യത്നിക്കുകയും ചെയ്യുന്ന ഒരാൾ അവിടുത്തെ ആനന്ദത്തിന്റെപൂർണ്ണമായ ആനന്ദത്തിന്റെവഴിയിലാണ് സഞ്ചരിക്കുന്നത്. ഇതുമൂലമാണ് മുൻപെന്നത്തെക്കാളും ആനന്ദം താൻ ഇപ്പോൾ അനുഭവിക്കുന്നുവെന്ന് സാക്ഷ്യപ്പെടുത്താൻ അയാൾക്കു കഴിയുന്നത്. ഇത് അർത്ഥമാക്കുന്നത് ഏതോ മാന്ത്രികവിദ്യകൊണ്ടെന്നതു പോലെ വീണുപോകുന്ന തന്റെ ലൗകിക പ്രകൃതത്തിൽനിന്നും സഹനങ്ങളിൽനിന്നും രക്ഷപെട്ടുവെന്നല്ല; മറിച്ച്, സഹനങ്ങളിലൂടെ കടന്നുപോകുമ്പോഴും അവിടുത്തെ ആനന്ദം നമ്മുടെ സങ്കടങ്ങളെ ഗ്രസിക്കുന്നുവെന്നും നമ്മുടെ ഇല്ലായ്മകളിൽപ്പോലും അതു പ്രകാശിക്കുന്നുവെന്നുമാണ്. അവിടുത്തെ ആനന്ദം സത്യസന്ധമാണ്. അത് ഒരിക്കലും സ്വയംസംരക്ഷണകവചമൊരുക്കി വേദനാജനകമായ യാഥാർത്ഥ്യങ്ങളിൽനിന്നു മാറിനില്ക്കുന്നില്ല. എന്നാൽ, അതു നമ്മുടെ സഹനങ്ങളെ രക്ഷാകരമാക്കുന്നു. അവിടുത്തെ ആനന്ദം സ്ഥിരതയുള്ളതാണ്. പ്രക്ഷുബ്ദമായ സാഹചര്യങ്ങൾക്കനുസരിച്ച് അതിന് ഏറ്റക്കുറച്ചിലുകൾ ഉണ്ടാകുന്നില്ല. എല്ലായ്പ്പോഴും അതു സ്ഥിരതയോടെ നമ്മുടെയുള്ളിൽ വളർന്നുകൊണ്ടിരിക്കുന്നു. അവിടുത്തെ ആനന്ദം വിനീതവും ലാളിത്യമുള്ളതുമാണ്. കലർപ്പില്ലാത്ത ഈ ദാനം നമ്മെ വിനീതരും ലാളിത്യമുള്ളവരുമാക്കുന്നു. അവിടുത്തെ ആനന്ദം പരമമാണ്. ജീവിതം നമുക്കു നല്കുന്നഎല്ലാ വേദനകളെയും സഹനങ്ങളെയുംക്കാൾ ഇതു മഹനീയവും യഥാർത്ഥവുമാണ്. ഒടുവിൽ നാം തിരിച്ചറിയുന്നു, നമ്മുടെ സഹനങ്ങളിലൊക്കെയും ക്രിസ്തു പ്രകാശിക്കുന്നുണ്ടായിരുന്നുവെന്ന്; ഇവയെല്ലാം അവിടുന്നു നമ്മിൽ രൂപപ്പെടാനുള്ള അവസരങ്ങളായിരുന്നുവെന്ന്.

അവിടുത്തെ രാജ്യത്തിന്റെ പുതിയ പറുദീസയിൽ നാം ആനന്ദത്തോടെ വസിക്കണമെന്ന് അവിടുത്തേക്ക് ആഗ്രഹമില്ലെങ്കിൽ പിന്നെന്തിനാണ് യേശുക്രിസ്തുവിനോടുകൂടെ സമസ്തവും പിതാവ് നമുക്കു ദാനമായി നല്കിയിരിക്കുന്നത്? രുപീകരണത്തിന് വിധേയപ്പെടുന്നതിനുള്ള നമ്മുടെ സമ്മതം നവീകരിക്കുന്നതിലൂടെ, പാപച്ചേറ്റിൽനിന്നകന്ന് അവിടുത്തെ സ്നേഹത്തിൽ നിരന്തരം വസിക്കുമെന്നും അവിടുത്തെ വചനം വിശ്വസ്തതയോടെ പാലിക്കുമെന്നുമുള്ള നമ്മുടെ തീരുമാനം വീണ്ടും നാം ഉറപ്പിക്കുന്നു. ദൈവമാകട്ടെ, അവിടുത്തെ ആനന്ദം നമ്മിൽ നിലനില്ക്കുമെന്ന വാഗ്ദാനവും അതു പൂർണ്ണമായിരിക്കുമെന്ന ഉറപ്പും വീണ്ടും നമുക്കു തരുകയും ചെയ്യുന്നു.

ഫാ. തോമസ് പുളിക്കൽ.

........................................................................................................

ജീസസ് യൂത്ത് വൈദീകനായ ഫാ.തോമസ് പുളിക്കൽ, ഷിക്കാഗോ സീറോ മലബാർ രൂപതാംഗമാണ്. നിലവിൽ ഫ്ലോറിഡായിലെ സെന്റ് വിൻസെന്റ് ഡി പോൾ റീജിയണൽ സെമിനാരിയിൽ സ്പിരിചൽ ഡയറക്റ്ററായും വേദപഠന ദൈവശാസ്ത്രത്തിൽ അസിസ്റ്റന്റ് പ്രൊഫസറായും സേവനമനുഷ്ഠിക്കുന്നു. അമേരിക്കയിൽ ജീസസ് യൂത്തിന്റെ മുൻ കോഓർഡിനേറ്ററാണ്.